LIBRARY ARCHIVES Kerala Legislative Assembly

ഭരത ക്രിസ്ത്യൻ വിഭാഗത്തിനു സംവരണം

293(T2762) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരത ക്രിസ്ത്യൻ വിഭാഗത്തെ സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തെ സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; ഇല്ലെങ്കിൽ സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് പി.എസ്.സി. നിയമനത്തിന് അർഹമായ സംവരണം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹിന്ദു ഭരതർ പട്ടികജാതിയിൽ ഉൾപ്പെടുന്നു. ഭരതർ ക്രിസ്ത്യൻ വിഭാഗം, ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നു. അവർക്ക് നിലവിൽ സംവരണം ലഭിക്കുന്നതുമാണ്. "പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം" നടത്തിയവർ എന്ന നിലയിലാണ് OBC സംവരണ വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) നിലവിൽ സംവരണം ലഭ്യമാണ്.

സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

294(2763) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഇതുവരെ എത്ര കോളനികൾ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ കൂടുതൽ പട്ടികജാതി കോളനികളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷം 113 കോളനികളും 2013-14 വർഷം 102 കോളനികളും ഉൾപ്പെടെ ആകെ 215 കോളനികൾ പദ്ധതിയിൻകീഴിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ 2013-14-ൽ പാമ്പാടുംപാറ-ആദിയാർപുരം കോളനി, ശാന്തൻപാറ-സെന്റർ തൊട്ടിക്കാനം എന്നീ രണ്ടു കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിലെ പ്രവർത്തനങ്ങളുടെ പുരോഗതിക്കനുസരിച്ച് മാത്രമേ പുതിയ കോളനികളെ തെരഞ്ഞെടുക്കുന്ന വിഷയം പരിഗണിക്കുകയുള്ളൂ.

സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

295(2764) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ 2012-13, 2013-14 വർഷങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിലെ പ്രവൃത്തികൾ ജില്ലാ തലത്തിൽ അവലോകനം ചെയ്യുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) 2012-13, 2013-14 വർഷങ്ങളിൽ പ്രസ്തുത പദ്ധതിയിൽ കൊണ്ടോട്ടി മണ്ഡലത്തിൽനിന്ന് ഏതെല്ലാം കോളനികളെയാണ് തെരഞ്ഞെടുത്തത് എന്നും ഇതിന്റെ പ്രവൃത്തിക്ക് നേതൃത്വം നൽകുന്നത് ആരാണ് എന്നും എത്ര ജോലികൾ ഇവിടെ നടന്നിട്ടുണ്ട് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) കോളനികളിലെ പ്രവൃത്തികൾ ജില്ലാതലത്തിൽ അവലോകനം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട ഏജൻസികളുടെയും പട്ടികജാതി വികസന ഓഫീസർമാരുടെയും യോഗം ജില്ലാതലത്തിൽ വിളിച്ചുചേർത്ത് വിലയിരുത്താറുണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർ, ബന്ധപ്പെട്ട ഏജൻസികൾ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് പദ്ധതി അവലോകനം ചെയ്യാറുണ്ട്.